**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം–2019 സംസ്ഥാന മെഡിക്കൽ, ആയുർവേദ റാങ്ക് പ്രസിദ്ധീകരിച്ചു

**2019**-ലെ മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ളവരും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക് **നീറ്റ് യു.ജി 2019** ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **16.06.2019–ലെ** വിജ്ഞാപനപ്രകാരം സമർപ്പിച്ചിട്ടുള്ളവരുമായ അപേക്ഷകരുടെ സംസ്ഥാന മെഡിക്കൽ/ ആയുർവേദ റാങ്ക് പ്രവേശന പരീക്ഷാകമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ബഹു. സുപ്രീംകോടതി **11.05.2018–ൽ** പുറപ്പെടുവിച്ച ഉത്തരവ് **WP(C)**നം. 1972/2018 പ്രകാരം 05.05.1994–ന് ശേഷം ജനിച്ച ജനറൽ വിഭാഗക്കാരെയും 05.05.1989–ന് ശേഷം ജനിച്ച **SC/ ST/ SEBC/PWD** വിഭാഗക്കാരെയും ഉൾപ്പെടുത്തിയിരിക്കുന്നത് താത്കാലികമായാണ്. ഇതു ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിക്ക് വിധേയമായിരിക്കും. ജനനത്തീയതി സമർപ്പിക്കാത്തതുകൊണ്ടും മറ്റ് ചില കാരണങ്ങളാലും റാങ്ക് തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതനുസരിച്ച് റാങ്ക് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

വിദ്യാർത്ഥികൾ **'KEAM 2019- Candidate Portal'** എന്ന ലിങ്കിലൂടെ അപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും നൽകി അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Result'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ റിസൽട്ട് ലഭ്യമാകുന്നതാണ്. സംസ്ഥാന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിലെ ക്ലോസ് 6 പ്രകാരമുള്ള യോഗ്യതകൾ പ്രവേശന സമയത്ത് വിദ്യാർത്ഥി നേടിയിരിക്കണം.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
25.06.2019